**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*520.** **26.10.2016 ന് മറുപടിയ്ക്ക്**

**ആദിവാസി വിഭാഗങ്ങൾക്കിടയിൽ മദ്യാസക്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, പി.കെ.കുഞ്ഞാലിക്കുട്ടി<br>,, ടി. വി. ഇബ്രാഹിം<br>,, പി.കെ.അബ്ദു റബ്ബ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി വിഭാഗങ്ങൾക്കിടയിൽ മദ്യാസക്തി വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ മദ്യവിമുക്തി ലക്ഷ്യമിട്ട് അവർക്കിടയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് വിപുലവും വൈവിദ്ധ്യവുമായ ബോധവത്ക്കരണ പ്രചാരണ പരിപാടികളാണ് എക്സൈസ് വകുപ്പ് സംഘടിപ്പിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ ആദിവാസി മേഖലകളിൽ പ്രത്യേക ബോധവത്ക്കരണ പരിപാടി കൾ നടത്തി വരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ കാവുണ്ടിക്കൽ, വടകോട്ടത്തറ എന്നീ ഊരുകളെ തിരഞ്ഞെടുത്ത് ലഹരി വിമുക്ത മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആദിവാസി ഊരുകളിൽ നിന്നും തിരഞ്ഞെടുത്ത 31 പേർക്ക് തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ പരിശീലനം നൽകി ലഹരി വിരുദ്ധ വോളണ്ടിയർമാരായി ഊരുകളിൽ നിയോഗിച്ചിട്ടുണ്ട്. അട്ടപ്പാടി, വയനാട് എന്നിവിട |

| | | | |
|---|---|---|---|
| | | | ങ്ങളിൽ ജനമൈത്രി എക്സൈസ് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ അട്ടപ്പാടി ആദിവാസി മേഖലയിലെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി ഷോളയൂർ ട്രൈബൽ ഹൈസ്കൂളിലെ ലൈബ്രറിയ്ക്ക് 20,000 രൂപയുടെ പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. |
| (സി) | ഈ ലക്ഷ്യം കൈവരിക്കാൻ ആദിവാസി സ്ത്രീകളുടെ ശാക്തീകരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ? | (സി) | ആദിവാസി സ്ത്രീകൾക്കിടയിൽ ശാക്തീകരണം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. സംസ്ഥാനത്തെ ലഹരിവിരുദ്ധ ക്യാംപെയിനിന്റെ ഭാഗമായി കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യ വർജ്ജന സമിതി, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി യുവജന-മഹിള സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോട്ടുകൂടി മദ്യ വർജ്ജനത്തിന് ഊന്നൽ നൽകി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടി കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' എന്ന ബൃഹത്തായ പദ്ധതിയ്ക്ക് ജി.ഒ.(എം.എസ്) 94/16/നി.വ. തീയതി: 6.10.2016 പ്രകാരം സർക്കാർ രൂപം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**